# US PROFILES



## ജാസ്മിൻ പാരോൾ




# ജാസ്മിൻ പാരോൾ

# വ്യത്യസ്ത രംഗങ്ങളിലെ മികവ്

**മീട്ടു റഹ്മത്ത് കലാം**

'മയൂഖം' എന്ന ഫാഷൻ പാജെന്റും 'സഞ്ജയിനി' എന്ന സ്കോളർഷിപ്പ് പദ്ധതിയും ഫോമായുടെ 2020-22 ലെ നേട്ടങ്ങളുടെ പട്ടികയിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നവയാണ്. വനിതാ ഫോറത്തിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റതും കാര്യക്ഷമവുമാകാൻ ട്രഷറർ എന്ന നിലയിൽ രാപകലില്ലാതെ അധ്വാനിച്ചതിലൂടെയാണ് ജാസ്മിൻ പാരോളിന്റെ സംഘാടന മികവ് ശ്രദ്ധ നേടിയത്. കൊളറാഡോ മലയാളി അസോസിയേഷൻ, കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (കല) എന്നീ സംഘടനകൾക്കൊപ്പം പ്രവർത്തിച്ചിട്ടുള്ള ജാസ്മിൻ, മലയാളി അസോസിയേഷൻ ഓഫ് നോർതേൺ കാലിഫോണിയയുടെ(മങ്ക) ബോർഡ് അംഗം എന്ന നിലയിലും നിരവധി ചാരിറ്റി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിട്ടുണ്ട്. സ്വന്തമായി പ്രീസ്കൂൾ നടത്തുന്ന ഇവർ, എലിസ്റ്റാ മീഡിയ എന്ന വാണിജ്യ സംരംഭത്തിൽ പ്രവർത്തന പങ്കാളിയുമാണ്.




**2020-22 കാലയളവിൽ വിമൻസ് ഫോറം ഏറെ ശ്രദ്ധിക്കപ്പെട്ടല്ലോ? പ്രവർത്തനങ്ങളിൽ തൃപ്തയാണോ?**

ഫോമാ വിമൻസ് ഫോറം നടത്തിയ രണ്ട് ഇവന്റുകളുടെയും ലീഡ് കോ-ഓർഡിനെറ്റർമാരിൽ ഒരാളായി പ്രവർത്തിക്കാൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ട്. ഫ്ളവേഴ്സ് ടിവിയുമായി ചേർന്ന് നടത്തിയ 'മയൂഖം' എന്ന ഫാഷൻ പാജെന്റാണ് അതിൽ ഒന്ന്. പത്തുമാസത്തോളം നീണ്ടുനിന്ന ആ ഓൺലൈൻ പ്രോഗ്രാമിൽ അമേരിക്കയുടെ നാനാഭാഗങ്ങളിൽ നിന്നുള്ള നൂറിൽപരം സ്ത്രീ



കൾ പങ്കെടുത്തു. 18 വയസിനുമുകളിലുള്ള ആർക്കുവേണമെങ്കിലും മത്സരിക്കാമായിരുന്നു. ആകാര വടിവോ മുടിയുടെ നീളമോ മറ്റു മാനദണ്ഡങ്ങളോ ഉണ്ടായിരുന്നില്ല, അവസരങ്ങൾ ലഭിക്കാത്തതുമൂലം കുഴിച്ചുമൂടപ്പെട്ട കഴിവുകൾ പ്രദർശിപ്പിക്കാൻ സ്ത്രീകൾക്കൊരു വേദി ഒരുക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഓൺലൈനിൽ ഒരു തീമിന് അനുസൃതമായാണ് അവർക്ക് പ്രകടനങ്ങൾ കാഴ്ച വയ്ക്കേണ്ടിയിരുന്നത്. തനിയെ ഷൂട്ട് ചെയ്യാനും എഡിറ്റ് ചെയ്യാനും മിക്സ് ചെയ്യാനും എല്ലാം അവർ ഇതിനുവേണ്ടി പഠിച്ചെടുത്തു.

പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് 'സഞ്ജയിനി' എന്ന പേരിൽ 50,000 രൂപയുടെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടത്താനായതാണ് വനിതാ ഫോറത്തിന്റെ മറ്റൊരു പ്രധാന നേട്ടം. ആദ്യ ഘട്ടത്തിൽ 20 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് 40 പേർക്ക് കേരള കൺവൻഷൻ വേദിയിൽ വച്ച് വിതരണം ചെയ്തു. ഫീസ് മാത്രമല്ല ഒരു വിദ്യാർത്ഥിയുടെ ചിലവ്. ഹോസ്റ്റലിൽ താമസിക്കുന്നതിനും ഭക്ഷണത്തിനും പാഠപുസ്തകങ്ങൾക്കും യാത്രയ്ക്കും ഒക്കെ പണം വേണ്ടിവരുന്നുണ്ട്. അവരുടെ ആവശ്യങ്ങൾ നേരിട്ട് ചോദിച്ചറിയാനും അവസരം കിട്ടി. രണ്ടാം ഘട്ടം ഉടൻ ഉണ്ടാകും.



വനിതാ ഫോറം നടത്തിയ 'വെൽനെസ് മാറ്റേഴ്സ് ' എന്ന പരിപാടിയും വിജയമായിരുന്നു. യോഗ ക്ലാസുകൾ പോലെ സ്ത്രീകളുടെ ആരോഗ്യത്തിന് സഹായകമാകുന്ന പല കാര്യങ്ങളും ഉൾപ്പെടുത്തിയിരുന്നു. 'വിമൻ എംപവർമെന്റ്' ലക്ഷ്യമിട്ട് 'ബ്രേക്ക് ദി സൈലൻസ്' എന്നൊരു ഇവന്റും സംഘടിപ്പിച്ചു. എല്ലാം സഹിച്ചും ക്ഷമിച്ചും വിഷമങ്ങൾ ഉള്ളിൽ ഒതുക്കി സ്വയം എരിഞ്ഞുതീരേണ്ടതല്ല പെൺജീവിതങ്ങൾ എന്നാണ് അതിലൂടെ പറയാൻ ശ്രമിച്ചത്. പേര് വെളിപ്പെടുത്താതെ പലരും തങ്ങളുടെ സങ്കടങ്ങൾ പങ്കുവച്ചിരുന്നു. അവരെ സാന്ത്വനിപ്പിക്കാൻ സാധിച്ചത് വളരെയധികം സംതൃപ്തി പകർന്നതോടൊപ്പം കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ഊർജ്ജവും നൽകി. അതിന്റെ ബൈ-ലോ റിവിഷനുമായി ബന്ധപ്പെട്ടും ഒരുപാട് പ്രയത്നിച്ചു. നാഷണൽ വിമൺ റെപ്രസന്റേറ്റീവുകളുടെ എണ്ണം ഇപ്പോൾ മൂന്നാണ്.അത് കുറഞ്ഞത് ആറാക്കി ഉയർത്തണമെന്ന ആവശ്യം മുന്നോട്ടു വച്ചു.ഫോമായുടെ ജുഡീഷ്യൽ കൗൺസിലിൽ ഒരു സ്ത്രീ പ്രതിനിധികൂടി ഉണ്ടായിരിക്കണമെന്ന ആവശ്യവും ഉന്നയിച്ചു. വിവിധ ഫോറങ്ങളിലും കൗൺസിലുകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതോടൊപ്പം



പെരുമാറ്റച്ചട്ടത്തിലും (code of conduct)ഭേദഗതികൾ വരുത്താൻ വേണ്ടിയും പ്രവർത്തിച്ചു. മുന്നോട്ടുവച്ച ചില ഭേദഗതികൾ അംഗീകരിക്കപ്പെട്ടു. മറ്റുള്ളവയ്ക്ക് വേണ്ടിയുള്ള ശ്രമങ്ങൾ ഇപ്പോഴും നടന്നുവരികയാണ്.

**ഫോമായിൽ സ്ത്രീകൾക്ക് വിവേചനമുണ്ടോ?**




എനിക്കങ്ങനെ ഒരു അനുഭവമേ ഉണ്ടായിട്ടില്ല. നിരവധി പ്രതിസന്ധികൾ കോവിഡ് കാലയളവിൽ സംഘടനയ്ക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴെക്കെ, എല്ലാവരും ഒരേ മനസ്സോടെ ഒരുമിച്ച് നിന്നാണ് പരിഹാരങ്ങൾ ആലോചിച്ചതും അത് നടപ്പാക്കിയതും. എക്സിക്യൂട്ടീവ് കമ്മിറ്റി എല്ലാവിധ സ്വാതന്ത്ര്യങ്ങളും അനുവദിച്ചതുകൊണ്ടാണ് വനിതാ ഫോറത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായത്. ഫോമായുടെ നിയമാവലിക്കുള്ളിൽ നിന്നുകൊണ്ട് എന്തുവേണമെങ്കിലും ചെയ്തോളൂ എന്ന നിർദ്ദേശം നൽകിയ ആത്മവിശ്വാസം ചെറുതല്ല. നിങ്ങളെക്കൊണ്ട് അതൊന്നും നടക്കില്ലെന്ന് പറഞ്ഞ് ഒരിക്കലും ആരും പിന്നോട്ട് വലിച്ചിട്ടില്ല. ശ്രമിച്ചുനോക്കൂ, എന്തിനും ഒപ്പമുണ്ടെന്ന് ചേർത്ത് നിർത്തിയിട്ടേ ഉള്ളു.

**എങ്ങനെയാണ് അമേരിക്കൻ മലയാളി സംഘടനകളിൽ സജീവമായത്?**

കുടുംബജീവിതത്തിന് ഒരുപാട് പ്രാധാന്യം കല്പിക്കുന്ന ആളാണ് ഞാൻ. പഠനത്തിലായാലും കലയിലായാലും സ്പോർട്സിലായാലും മക്കളായ ഇഷയ്ക്കും ഷാനിനും എന്ത് ആവശ്യം വന്നാലും ഒപ്പം ഉണ്ടായിരിക്കണമെന്ന് എനിക്ക് നിർബന്ധമായിരുന്നു. അവർ തനിയെ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാകുന്നതുവരെ ഒരുപാട് താല്പര്യങ്ങൾ വേണ്ടെന്ന് വച്ചിട്ടുണ്ട്. അതൊന്നും ത്യാഗമായല്ല, കടമയായി തന്നെയാണ് കണ്ടത്.

1998 -ലാണ് അമേരിക്കയിൽ എത്തുന്നത്. ആദ്യം കോളറാഡോയിലായിരുന്നു. കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസിലും(കല) കൊളറാഡോ മലയാളി അസോസിയേഷനിലും അംഗമായി. ഭർത്താവ് ഷാജി പാറോൾ, കൊളറാഡോ മലയാളി അസോസിയേഷന്റെ പ്രസിഡന്റ് ആയിരിക്കെ, അതിൽ ബോർഡ് അംഗമായും എനിക്ക് പ്രവർത്തിക്കാൻ സാധിച്ചിരുന്നു. അത് ഫോമായിലെ ഒരു അംഗ സംഘടനയാണ്.




ഫോമാ 2010ൽ നടത്തിയ കൾച്ചറൽ പ്രോഗ്രാമുകളുടെ ഭാഗമായി ഒരു നൃത്തപരിപാടിയിൽ എന്റെ മകൾ പങ്കെടുത്തിരുന്നു. അവൾക്ക് വേണ്ടിയാണ് സത്യത്തിൽ അവിടെ ചെന്നത്. പിന്നീട് അതിൽ അംഗമാവുകയും 'മലയാളി മങ്ക' എന്ന




മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. അതിൽ വിജയി ആയതോടെ കൂടുതൽ പേർ എന്നെ പരിചയപ്പെടാൻ വന്നു. തുടർന്നുള്ള കൺവൻഷനുകളിൽ സജീവമായി. എന്നെക്കൊണ്ടാകുന്ന സഹായങ്ങൾ ചെയ്തുകൊടുക്കും എന്നതിൽ കവിഞ്ഞ് ശക്തമായൊരു ഇടപെടൽ അന്നൊന്നും നടത്തിയിട്ടില്ല. 2018 ൽ ഫോമാ വനിതാ ഫോറത്തിന്റെ വെസ്റ്റേൺ റീജിയന്റെ ചെയർ പേഴ്സണാകാൻ ക്ഷണം ലഭിച്ചത് വഴിത്തിരിവായി. നഴ്സിംഗ് സ്കോളർഷിപ്പ് നല്കുന്നതിനുവേണ്ടി എജ്യുക്കേഷണൽ ഫണ്ട് സമാഹരിക്കുന്നതുൾപ്പെടെ പലകാര്യങ്ങളും ചെയ്യാൻ സാധിച്ചു. 2020ൽ നാഷണൽ വിമൻസ് റെപ്രസെന്റേറ്റീവ് ആയി ഫോമായിൽ നിന്നു. ഇലക്ഷൻ കൂടാതെ തന്നെ ഞങ്ങൾ മൂന്ന് പേർ ആ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വിമൻസ് ഫോറത്തിന്റെ ട്രഷറർ സ്ഥാനവും ഏറ്റെടുത്തു.

**കോവിഡ് കാലത്തെ എങ്ങനെ ഓർക്കുന്നു? ഒഴിവുസമയങ്ങളിൽ എന്താണ് ചെയ്തത്?**

ഏത് കാര്യവും പോസിറ്റീവായി കാണുന്നതുകൊണ്ടാകാം, കോവിഡ് കാലത്തിന്റെയും നല്ല വശങ്ങൾ ഓർക്കാനാണ് ഇഷ്ടപ്പെടുന്നത്.പബ്ലിക് സ്കൂളുകൾ പൂട്ടിയ സാഹചര്യത്തിലും പ്രീസ്കൂളുകൾ തുറന്നു പ്രവർത്തിച്ചിരുന്നു. ആതുര സേവനരംഗത്തെ മുന്നണിപ്പോരാളികൾ, മഹാമാരിയിൽ നമുക്ക് വേണ്ടി ഇറങ്ങി പ്രവർത്തിച്ചപ്പോൾ അവരുടെ മക്കളെ സുരക്ഷിതമായി എവിടെ ഏൽപ്പിക്കും എന്നതായിരുന്നു വെല്ലുവിളി. ആ പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ് പ്രീ - സ്കൂളുകൾ തുറന്നത്. കോവിഡ് മാനദണ്ഡങ്ങൾ എല്ലാം സശ്രദ്ധം പാലിച്ചുകൊണ്ട്, ആ കുരുന്നുകളുടെ മാതാപിതാക്കൾ എന്നിൽ അർപ്പിച്ച വിശ്വാസം നൂറുശതമാനം കാത്തു. ഒഴിവുസമയം പലപ്പോഴും ലഭിക്കാറില്ല.സ്വന്തം ഇഷ്ടങ്ങൾക്കുവേണ്ടി സമയം കണ്ടെത്തുകയാണ് ചെയ്യുന്നത്. സംഗീതം, നൃത്തം, സ്പോർട്സ് എല്ലാത്തിനോടും താല്പര്യമുണ്ട്. മക്കൾ സ്വയം പര്യാപ്തരായ ശേഷമാണ് ആഗ്രഹങ്ങൾക്കൊത്ത് പലതും പഠിച്ചു തുടങ്ങിയത്. ചെണ്ടമേളവും



ഹൈക്കിങ്ങുമാണ് പുതിയ ഇഷ്ടങ്ങൾ. കാലിഫോണിയയിൽ തന്നെയാണ് ചെണ്ടമേളം പഠിക്കുന്നത്. പത്ത് സ്ത്രീകളാണ് എനിക്കൊപ്പം ആശാനു കീഴിൽ ചെണ്ട അഭ്യസിക്കുന്നത്. പവർലിഫ്റ്റിങ് മത്സരത്തിലും പങ്കെടുത്ത് വിജയിച്ചിട്ടുണ്ട്. സ്ത്രീ ആയതിന്റെ പേരിലോ, മക്കൾ വലുതായി എന്നതിന്റെ പേരിലോ ആഗ്രഹങ്ങൾ മൂടിവയ്ക്കരുതെന്നാണ് എന്റെ അഭിപ്രായം. കുടുംബത്തിൽ നിന്ന് പൂർണമായ പിന്തുണയുള്ളതുകൊണ്ടാണ് എനിക്ക് ഇതൊക്കെ സാധിക്കുന്നത്. അതിന് സാഹചര്യമില്ലാത്ത വനിതകൾക്ക് കരുത്ത് പകരാനും, അവരെ തങ്ങളുടെ സ്വപ്നങ്ങൾ പിന്തുടരാൻ പ്രേരിപ്പിക്കാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

**പ്രീ-സ്കൂൾ ടീച്ചർ എന്നത് ഒരുപാട് ക്ഷമ ആവശ്യമുള്ള ജോലിയല്ലേ?**

തീർച്ചയായും. ആറുമാസം പ്രായമുള്ള കുഞ്ഞുങ്ങൾ മുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള കുട്ടികളുണ്ട്. ക്ഷമയേക്കാൾ, കുഞ്ഞുങ്ങളെ മനസ്സിലാക്കാനും അവരുടെ ഉള്ളറിയാനുമുള്ള കഴിവാണ് ഒരു അധ്യാപികയ്ക്ക് വേണ്ടത്. പുറം ലോകം അവർ നമ്മിലൂടെയാണ് അറിയുന്നത്. ഭയത്തോടെ നമ്മളെ നോക്കുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുത്. സ്നേഹവും പരിചരണവും നൽകിയാൽ മാത്രമേ അതിന് സാധിക്കൂ. വ്യത്യസ്തമായ കുടുംബ പശ്ചാത്തലത്തിൽ ജനിച്ച്, വ്യത്യസ്തമായ ജീവിതശൈലിയിൽ വളർന്ന കുഞ്ഞുങ്ങൾ ഓരോരുത്തരും വെവ്വേറെ മനോവ്യാപാരമുള്ളവരാണ്. അവരെ തമ്മിൽ ഒരിക്കലും താരതമ്യം ചെയ്യാനാകില്ല. മുന്നോട്ടുള്ള യാത്രയിൽ പകച്ചുനിൽക്കാതെ നീങ്ങാനുള്ള മാനസികമായ പിന്തുണയും പിൻബലവും കുട്ടികൾക്ക് നൽകുന്നതിനുള്ള അടിത്തറ പാകിക്കൊടുക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ഇവിടെനിന്ന് പഠിച്ചിറങ്ങിയ കുട്ടികൾ മറ്റൊരു സ്കൂളിൽ ചെല്ലുമ്പോൾ, അവിടെ പഠിപ്പിക്കുന്ന അധ്യാപകർ എവിടെയായിരുന്നു പ്രീ-സ്കൂളിങ് എന്ന് അന്വേഷിച്ച് അഭിനന്ദിക്കാറുണ്ട്. അതിൽ സന്തോഷമുണ്ട്.




**ഇതുവരെയുള്ള ജീവിതത്തെ എങ്ങനെ കാണുന്നു?**

കോഴിക്കോടാണ് സ്വദേശമെങ്കിലും ബാംഗ്ലൂരിലാണ് പഠിച്ചുവളർന്നത്. അച്ഛനുമമ്മയ്ക്കും ഞങ്ങൾ



രണ്ടുപെൺമക്കളാണ്. കല്യാണം കഴിഞ്ഞ് സിംഗപ്പൂരിലേക്ക് പറന്നു. അവിടെ നിന്നാണ് അമേരിക്കയിലെത്തിയത്. നല്ലൊരു അധ്യാപികയായി കുറേ കുട്ടികളുടെ ജീവിതത്തെ സ്വാധീനിക്കണമെന്നായിരുന്നു എക്കാലവും എന്റെ സ്വപ്നം. ബാംഗ്ലൂരിലും സിംഗപ്പൂരിലും ടീച്ചിങ് തന്നെയായിരുന്നു പ്രൊഫഷൻ. 2017 മുതൽ കാലിഫോണിയയിൽ ‘മിസ് ജാസ്മിൻസ്’ എന്ന പേരിൽ സ്വന്തമായൊരു പ്രീസ്കൂൾ നടത്തിവരുന്നതും അധ്യാപനത്തോടുള്ള അതിയായ താല്പര്യം കൊണ്ടാണ്. ആളുകളുമായി കൂടുതൽ ഇടപഴകാൻ അവസരം ലഭിച്ചതോടെയാണ്, സ്ത്രീകളുടെ ഉന്നമനത്തിനായിക്കൂടി പ്രവർത്തിക്കേണ്ടതുണ്ടെന്ന് തിരിച്ചറിഞ്ഞത്. സംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തീരുമാനിച്ചത് അതുകൊണ്ടാണ്.

**ഭാവിപരിപാടികൾ?**

ഫോമായുടെ വെസ്റ്റേൺ റീജിയൻ നാഷണൽ കമ്മിറ്റി മെമ്പറായി 2022 -2024 ൽ മത്സരിക്കുന്നുണ്ട്. വെസ്റ്റേൺ റീജിയനിലെ പ്രമുഖ സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് നോർതേൺ കാലിഫോണിയയാണ് എന്നെ എൻഡോർസ് ചെയ്തത്. കൂടുതൽ പേരിലേക്ക് സഹായം എത്തുന്ന പദ്ധതികളുമായി മുന്നോട്ട് പോകണമെന്നാണ് ആഗ്രഹം.